ENTRI
1 Crore User Downloads

# CURRENT AFFAIRS 29 JULY 2025




### അന്താരാഷ്ട്ര കടുവാ ദിനം
ജൂലൈ 29
- കടുവകളുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായാണ് ഈ ദിനം ആചരിക്കുന്നത്.
- 2010-ൽ റഷ്യയിൽ നടന്ന സെന്റ് പീറ്റേഴ്സ്ബർഗ് ഉച്ചകോടിയിലാണ് അന്താരാഷ്ട്ര കടുവാ ദിനം സ്ഥാപിതമായത്.

---


ദിവ്യ ദേശ്മുഖ്


കൊനേരു ഹംപി

### 2025 ലെ ഫിഡെ വനിതാ ചെസ് ലോകകപ്പ് കിരീടം സ്വന്തമാക്കിയ ഇന്ത്യൻ വനിത
ദിവ്യ ദേശ്മുഖ്
- ചെസ് ലോകകപ്പ് കിരീടം നേടുന്ന ആദ്യ ഇന്ത്യൻ വനിതയാണ് ദിവ്യ.
- ഇന്ത്യൻ താരം തന്നെയായ കൊനേരു ഹംപിയെ ടൈബ്രേക്കറിൽ പരാജയപ്പെടുത്തിയാണ് നാഗ്പുർ സ്വദേശിയായ ദിവ്യ ലോകകപ്പ് കിരീടം സ്വന്തമാക്കിയത്.
- കിരീടം സ്വന്തമാക്കിയ ദിവ്യ ദേശ്മുഖ് ഇതോടെ ഗ്രാൻഡ് മാസ്റ്റർ പദവി കൂടി സ്വന്തമാക്കി.
- ഗ്രാൻഡ് മാസ്റ്റർ പദവി നേടിയ നാലാമത്തെ ഇന്ത്യൻ വനിതയാണ് ദിവ്യ.
- 2025 ലെ ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ ഫൈനലിൽ എത്തിയ ഇന്ത്യൻ വനിതകൾ - ദിവ്യ ദേശ്മുഖ്, കൊനേരു ഹംപി
- ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ ഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിതയാണ് ദിവ്യ ദേശ്മുഖ്.
- ഫിഡെ വനിതാ ചെസ് ലോകകപ്പിന്റെ സെമിഫൈനലിൽ എത്തിയ ആദ്യ ഇന്ത്യൻ വനിതയാണ് കൊനേരു ഹംപി.

---


അങ്കിത ധ്യാനി

### ജർമ്മനിയിൽ നടന്ന 2025 ലെ ലോക യൂണിവേഴ്സിറ്റി അത്‌ലറ്റിക് മീറ്റിൽ വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾചേസിൽ വെള്ളിമെഡൽ സ്വന്തമാക്കിയ ഇന്ത്യൻ അത്‌ലറ്റ്
അങ്കിത ധ്യാനി

---



### നംബിയോയുടെ (Numbeo) സേഫ്റ്റി ഇൻഡക്സ് 2025 മിഡ്-ഇയർ റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും സുരക്ഷിതമായ രാജ്യം
യു.എ.ഇ.